**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4211** **06-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയുടെ പ്രവർത്തനവും മേഖലയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി രൂപീകരിക്കുന്നതിന് മുൻപ് കേരള സർക്കാർ ഇൻഫ്രാസ്ട്രക്ച്ചർ ഫൈനാൻസിങ് നടത്തിയിരുന്നത് എങ്ങനെയായിരുന്നു; വിശദ വിവരങ്ങൾ നൽകാമോ; ഇതിനായി ഏതൊക്കെ സ്ഥാപനങ്ങളാണ് ഉണ്ടായിരുന്നത്; ഇപ്പോഴും ആ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യ വികസനമേഖലയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കിഫ്ബി രൂപീകരണത്തിനു മുൻപ് ഇൻഫ്രാസ്ട്രക്ചർ ഫൈനൻസിംഗ് മുഖ്യമായും നടത്തിയിരുന്നത് സംസ്ഥാന ബജറ്റിലൂടെയായിരുന്നു. കിഫ്ബിയുടെ രൂപീകരണ കാലത്ത് ഇൻഫ്രാസ്ട്രക്ചർ നിർമ്മാണ മേഖലയിൽ പല സർക്കാർ കമ്പനികളും രൂപീകരിക്കപ്പെട്ടിരുന്നെങ്കിലും, പൂർണ്ണമായും ഇൻഫ്രാസ്ട്രക്ചർ ഫൈനൻസിംഗിനു മാത്രമായി ഒരു സംവിധാനം നിലവിൽ വന്നത് 1999ൽ കിഫ്ബിയിലൂടെയാണ്. ഏകദേശം ഇതേ സമയം രൂപീകൃതമായ അടിസ്ഥാന സൌകര്യ നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളായ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള, കേരള റോഡ് ഫണ്ട് ബോർഡ് തുടങ്ങിയ കമ്പനികൾ നിലവിലും പ്രവർത്തിച്ചു വരുന്നുണ്ട്. ഈ കമ്പനികൾ കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്ന എസ്.പി.വികൾ കൂടെയാണ്. |
| (ബി) | കിഫ്ബി എങ്ങനെയാണ് ഫണ്ട് ശേഖരിച്ചിട്ടുള്ളതെന്നത് വ്യക്തമാക്കുമോ; കിഫ്ബി നിലവിൽ വന്നതുമുതൽ നാളിതുവരെ ശേഖരിച്ചിട്ടുള്ള ഫണ്ട് വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | കേരള അടിസ്ഥാന സൌകര്യ നിക്ഷേപ നിധി ആക്ട് 1999 മുഖേനയാണ് കിഫ്ബി നിലവിൽ വന്നത്. 1999, 2002 & 2003 എന്നീ വർഷങ്ങളിലായി 1,023.71 കോടിയോളം രൂപ വിവിധ കിഫ്ബി ബോണ്ടുകളിലൂടെ സമാഹരിച്ചിരുന്നു. ഇത് പൂർണ്ണമായും തിരിച്ചടച്ചിട്ടുണ്ട്. 2016ൽ ആക്റ്റിൽ ഉണ്ടായ സമഗ്രമായ ഭേദഗതിയ്ക്കു ശേഷം കിഫ്ബി വിവിധ മാർഗ്ഗങ്ങളിലൂടെ സമാഹരിച്ച തുകകൾ അനുബന്ധമായി നൽകുന്നു. |
| (സി) | വിദേശത്തുള്ള സ്റ്റോക്ക് എക്സ്ചെഞ്ചിൽ കൂടിയ നിരക്കിൽ കിഫ്ബി ബോണ്ട് ഇഷ്യൂ ചെയ്തത് എന്തിനാണെന്ന് വ്യക്തമാക്കുമോ; രൂപം കൊണ്ടതിനു ശേഷം എത്ര മസാല ബോണ്ടുകൾ കിഫ്ബി വിതരണം ചെയ്തിട്ടുണ്ട് എന്നതും വ്യക്തമാക്കാമോ; | (സി) | മസാല ബോണ്ട് വഴി ഉയർന്ന പലിശ നിരക്കിലാണ് കിഫ്ബി തുക സമഹരിച്ചത് എന്ന് പറയുവാൻ സാധിക്കുകയില്ല.<br><br>മസാല ബോണ്ടിനുള്ള ശ്രമങ്ങൾക്ക് വളരെ മുന്നേ തന്നെ ആഭ്യന്തര വിപണിയിലെ വായ്പ്പകളും ബോണ്ടുകളും വഴിയുള്ള ധനസമാഹാരണശ്രമങ്ങൾ കിഫ്ബി ആരംഭിച്ചിരുന്നു. അന്ന് വായ്പകൾ |

ലഭ്യമായത് 9.3% വരെയുള്ള പലിശ നിരക്കിൽ ആയിരുന്നു. ആഭ്യന്തര വിപണിയിൽ കിഫ്ബി അതിനോടകം തന്നെ രണ്ടു തവണ ബോണ്ടുകൾ വഴിയുള്ള ധനസമാഹാരങ്ങൾക്ക് ശ്രമം നടത്തുകയുണ്ടായി. 10.20% മുതൽ 10.25% വരെയാണ് അപ്പോഴൊക്കെ വാഗ്ദാനം ചെയ്ത ഏറ്റവും കുറഞ്ഞ പലിശ നിരക്ക്. കിഫ്ബിയ്ക്കു തുല്യം വ്യവസ്ഥാപിത സ്ഥാപനമായ ആന്ധ്രാപ്രദേശ് കാപ്പിറ്റൽ റീജിയണൽ ഡവലപ്മെന്റ് അതോറിറ്റി (APCRDA) യ്ക്ക് അക്കാലത്ത് ബോണ്ടുകൾ വഴി പണം കണ്ടെത്തിയത് 10.34% (ത്രൈമാസ അടിസ്ഥാനത്തിൽ) എന്ന നിരക്കിൽ ആയിരുന്നു. ആദ്യമായി അന്താരാഷ്ട്ര ധനകാര്യ വിപണിയിൽ പ്രവേശിക്കുന്ന കിഫ്ബി പോലെയുള്ള ഒരു സ്ഥാപനത്തിന് കിട്ടാവുന്ന മികച്ച നിരക്കിലാണ് 2019 ൽ മസാല ബോണ്ട് പുറപ്പെടുവിച്ചത്.

മസാല ബോണ്ട് സംബന്ധിച്ച് വളരെ വിശദവും ക്രിയാത്മകവുമായ ചർച്ച കിഫ്ബിയുടെ ബോർഡ് മീറ്റിങ്ങിൽ നടക്കുകയുണ്ടായി. ഉയർന്ന AAA റേറ്റിങ് ഉള്ള സ്ഥാപനങ്ങൾക്ക് പോലും ഇതിലും മെച്ചപ്പെട്ട സ്പ്രെഡ് (അടിസ്ഥാന സൂചികയിൽ നിന്ന് നിക്ഷേപകൻ അധികമായി ആവശ്യപ്പെടുന്ന നിരക്ക്) ലഭ്യമാക്കാൻ സാധിക്കുന്നില്ല എന്നത് കണക്കിലെടുത്താൽ കിഫ്ബിയുടെ മസാല ബോണ്ടിന് ലഭിക്കുന്നത് അംഗീകരിക്കാവുന്ന പലിശയാണ് എന്ന ഭൂരിപക്ഷ അഭിപ്രായമാണ് ഉണ്ടായത്. വിപണിയിൽ ഫണ്ട് ഉള്ളപ്പോൾ ആ അവസരം യുക്തിപൂർവം ഉപയോഗപ്പെടുത്തുകയാണ് വേണ്ടതെന്നും, കിഫ്ബിയ്ക്ക് അതിന്റെ സ്രോതസ്സുകൾ വൈവിദ്ധ്യവൽകരിക്കേണ്ട സമയമായെന്നും നിരീക്ഷണങ്ങളുണ്ടായി.

ആഭ്യന്തരവിപണിയിൽ ആ കാലത്ത് ഫണ്ട് കണ്ടെത്തുന്നതിനായി കടുത്ത മത്സരം നിലനിന്നിരുന്നതിനാൽ പലിശ നിരക്ക് പൊതുവെ ഉയർന്നു നിന്നിരുന്നു എന്നത് കണക്കിലെടുത്താൽ അന്താരാഷ്ട്ര വിപണിയുടെ സാധ്യത ഉപയോഗിക്കുന്നതാണ് ഉചിതമെന്നും അഭിപ്രായമുണ്ടായി. റിസർവ് ബാങ്കിന്റെ അന്നത്തെ ECB മാനദണ്ഡങ്ങൾ കണക്കിലെടുത്താൽ ഉടൻ തന്നെ അന്താരഷ്ട്ര വിപണിയിലും മത്സരങ്ങൾ വർദ്ധിക്കുമെന്നും. അതിനു മുൻപ് ഈ മികച്ച അവസരത്തിൽ ഉചിതമായ ധനസമാഹരണമാണ് വേണ്ടത് എന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു. നിലവിലെ പദ്ധതികളുടെ വ്യാപ്തി കണക്കിലെടുത്താൽ കിഫ്ബി എത്രയും പെട്ടെന്ന് മസാല ബോണ്ട് ഇടപാട്

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കി മതിയായ ഫണ്ട് കണ്ടെത്തേണ്ടതാണെന്നും, ഇത്തരത്തിൽ മുൻകൂട്ടി ധനം ഉറപ്പുവരുത്താതെ ഫണ്ട് ആവശ്യമാകുന്ന സമയത്ത് ധനസമാഹരണത്തിനു പോകുന്ന പക്ഷം അന്ന് വിപണിയിൽ ലഭ്യമായ കൂടിയ പലിശയിൽ കടമെടുക്കുവാൻ കിഫ്ബി നിർബന്ധിതമാകും എന്നും അഭിപ്രായങ്ങൾ ഉണ്ടായി. ഇതെല്ലാം കണക്കിലെടുത്താണ് 9.723% വരെയുള്ള പലിശ നിരക്കിൽ മസാലാ ബോണ്ട് പുറപ്പെടുവിക്കാമെന്നും കിഫ്ബോർഡ് തീരുമാനിച്ചത്. കിഫ്ബി ഒറ്റത്തവണ മാത്രമാണ് മസാല ബോണ്ട് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ഡി) | കിഫ്ബിക്ക് ഇൻഫ്രാസ്ട്രക്ച്ചർ മേഖലയിൽ മാത്രമല്ലാതെ മറ്റ് മേഖലകളിലും ഇൻവെസ്റ്റ്മെന്റ് ഉണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കിഫ്ബി നിലവിൽ സംസ്ഥാനത്തെ സുപ്രധാന അടിസ്ഥാന സൌകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണത്തിൽ മാത്രമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

4211

അനുബന്ധം

| Particulars | Amount (INR Cr.) |
|---|---|
| **Total Contribution from Government of Kerala** | |
| *Corpus Fund* | 2,498.42 |
| *MVT* | 9,057.44 |
| *CESS ON PETROLEUM* | 3,226.03 |
| *Additional Contribution from Govt.* | 322.07 |
| **Total (A)** | **15,103.96** |
| | |
| **Fund Mobilized from Market** | |
| *Fund Sanctioned* | 21,308.77 |
| ***Fund Availed (B)*** | **17,667.81** |
| | |
| **Total Fund Mobilized (A+B)** | **32,771.77** |

*Details as on 31.01.2023*

സെക്ഷൻ ഓഫീസർ